"ഭരണഭാഷ-മാതൃഭാഷ"

E 40888/22

**കേരള സർക്കാർ**

**സംഗ്രഹം**

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് - നിർദ്ധനരായ പട്ടികജാതി കുടുംബങ്ങളിലെ പെൺകുട്ടികളുടെ വിവാഹത്തിന് നൽകുന്ന ധനസഹായം വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പട്ടികജാതി പട്ടികവർഗ്ഗ വികസന (എഫ്) വകുപ്പ്**

സ.ഉ (കൈ)നം. 43 /2022/പജപവവിവ. തീയതി, തിരുവനന്തപുരം, 30/08/2022

പരാമർശം:- 1. സ.ഉ(കൈ)നം.125/2012/പജപവവിവ തീയതി 19/09/2012

2. സ.ഉ(കൈ) നം. 893/2016/പജപവിവ തീയതി 01/07/2016

3. സ.ഉ(കൈ) നം. 21/2017/പജപവിവ തീയതി 22/03/2017

4. 2022 -ലെ ബഡ്ജറ്റ് പ്രസംഗം

5. പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 13/05/2022 -ലെ SCDD/2995/2022-B1 (Dev-B) നമ്പർ കത്ത്.

**ഉത്തരവ്**

പട്ടികജാതി വിഭാഗത്തിൽപ്പെട്ട നിർദ്ധനരായ കുടുംബങ്ങളിലെ പെൺകുട്ടികളുടെ വിവാഹത്തിന് നിലവിൽ ധനസഹായമായി നൽകി വന്നിരുന്ന 75,000/- രൂപ 1,25,000/- രൂപയായി വർദ്ധിപ്പിക്കുമെന്ന് പരാമർശം (4) പ്രകാരം പ്രഖ്യാപിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ധനസഹായത്തുക വർദ്ധിപ്പിക്കുന്നതിന് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ പരാമർശം (5) പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നിർദ്ധനരായ പട്ടികജാതി കുടുംബങ്ങളിലെ പെൺകുട്ടികൾക്ക് വിവാഹധനസഹായം ലഭിക്കുന്നതിനുള്ള കുടുംബ വാർഷിക വരുമാന പരിധി 1,00,000/- രൂപയായി നിലനിർത്തിക്കൊണ്ട്, ധനസഹായ തുക 75,000/- രൂപയിൽ നിന്നും 1,25,000/- രൂപയായി (ഒരു ലക്ഷത്തി ഇരുപത്തയ്യായിരം രൂപ മാത്രം) വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇതിന് ഉത്തരവ് തീയതി മുതൽ പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

ഇതിലേയ്ക്ക് ആവശ്യമായ തുക 2225-01-102-97 (പ്ലാൻ) എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**സ്വപ്ന.എം**

ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം (അപേക്ഷയും ഉള്ളടക്കങ്ങളും സഹിതം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (സോഷ്യൽ & ജനറൽ സെക്ടർ)കേരള, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എക്കണോമിക് & റവന്യൂ സെക്ടർ) കേരള, തിരുവനന്തപുരം

ജില്ലാ പട്ടികജാതി വികസന ഓഫീസർ, പത്തനംതിട്ട

അപേക്ഷകയ്ക്ക് (പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ മുഖേന)

ധനകാര്യവകുപ്പ് ( vide Note No. WW3/93/2021/Fin dated 24/06/2022 & 30/06/2022)

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂമീഡിയ,ഐ&പി.ആർ.ഡി, ഗവ.സെക്രട്ടറിയേറ്റ്, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ